# സ്മൃതി 2K24

## SCHOOL MAGAZINE



# St Joseph's Higher Secondary School Kizhakkambalam



EducationalDistrict:Aluva

Sub District: Kolenchery

School Code: 25042

Hedmistress: Smt Mercy Joseph

Manager: V Rev Fr Francis Arickal

Email ID: sjhskizhakkambalam@gmail.com

Place: Kizhakkambalam

# സന്ദേശം

കിഴക്കമ്പലം സെൻറ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഒത്തിരി സന്തോഷമുണ്ട്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സർഗ്ഗാത്മക കഴിവുകളെ തട്ടിയുണർത്തുവാൻ ലഭിച്ചിരിക്കുന്ന ഈ അവസരം ഏറ്റവും മനോഹരമായി പ്രയോജനപ്പെടുത്തുന്നതിൽ എല്ലാ ക്ലബ്ബ് അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും എല്ല കുട്ടിക്കയും പ്രത്യേകം അഭിനന്ദിക്കുന്നു, എല്ലാവർക്കും വിജയാശംസകൾ നേരുന്നു

**സ്നേഹപൂർവ്വം**
**മേഴ്സി ജോസഫ് (ഹെഡ്മിസ്ട്രസ് )**



## ലോക പരിസ്ഥിതി ദിനം

**ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് എല്ലാ വിദ്യാർത്ഥികൾക്കും വൃക്ഷ തൈകൾ നല്കുകയും പരസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുകയും ചെയ്തു .പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ മാനേജർ വെരി.റവ.ഫാ.ഫ്രാൻസിസ് അരീക്കൽ സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷ' തൈ നട്ടു.**

## യോഗാ ദിനം

അന്താരാഷ്ട്ര യോഗാ ദിനമായ ജൂൺ 21 വ്യത്യസ്തമായ പരിപാടികളോടെ ആഘോഷിച്ചു.സ്കൂളിൽ പ്രവർത്തിക്കുന്ന Students Police cadets ( SPC)ന്റെ നേതൃത്വത്തിൽ കിഴക്കമ്പലം പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ വച്ച് യോഗ പരിശീലനം ക്യാമ്പയിൻ നടത്തി.

## ലോക ലഹരി വിരുദ്ധ ദിനം

ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന് കുട്ടികൾക്കായി HS, UP തിരിച്ച് പോസ്റ്റർ മത്സരവും കൊളാഷ് മത്സരവും നടത്തി

## ചാന്ദ്രദിനം

ചാന്ദ്രദിനമായ ജൂലൈ 21 ന് സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചന്ദ്രയാൻ 3 **ന്റെ** പ്രദർശനവും ചിത്രരചനാ മത്സരവും നടത്തി.കൂടാതെ അയൽ വിദ്യാലയങ്ങളായ St. Antony ' s LPS ,Govt LPS ,vembilly LPS ,Pazhanganad LPS എന്നിവിടങ്ങളിൽ ചന്ദ്രയാൻ 3 **ന്റെ** ചിത്രരചനാ മത്സരവും നടത്തി വിജയികൾക്ക് ട്രോഫിയും എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനവും നല്കി.

## ഹിരോഷിമ ദിനം.



മണിപ്പൂർ കലാപം നിലനിൽക്കുന്ന കാലഘട്ടത്തിൽ യുദ്ധവിമുക്ത ഭാരതത്തിന്റെ സന്ദേശം പകർന്നു കൊണ്ട് കൊക്കുകളെ നിർമ്മിച്ച് യുദ്ധവിമുക്തസന്ദേശം നല്കി.

## ഓണാഘോഷം

ഓണാഘോഷത്തോടനുബന്ധിച്ച് എല്ലാ കുട്ടികൾക്കും ഭക്ഷണവും പായസവും നല്കി.Digital പൂക്കള മത്സരം നടത്തി.

## ഔഷധ സസ്യ പ്രദർശനം




ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്നതിനായി കുട്ടികളുടെ നേതൃത്വത്തിൽ UP ,HS തിരിച്ച് ഔഷധ സസ്യ പ്രദർശന മൽസരം നടത്തി അസ്സീസി ആയുർവ്വേദ സെൻറർ ഡോ.സി.റോസ് ലീന മുഖ്യ സന്ദേശം നൽകി.

## ദേശീയ ഹിന്ദി ദിനം



ദേശീയ ഹിന്ദി ദിനമായ സെപ്റ്റംബർ 14-ന് ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിന്ദി അക്ഷരങ്ങളുടെയും കവിതകളുടെയും, പ്രദർശനവും 100-ൽ കൂടുതൽ ഹിന്ദി വാക്കുകളും അതിന്റെ അർത്ഥവും കാണാപാഠം പഠിച്ച കുട്ടികൾക്ക് സമ്മാനം നല്കി.




## ദേശീയ അധ്യാപക ദിനം

അധ്യാപക ദിനത്തോടനുബന്ധിച്ച് സ്കൂളിൽ പ്രവർത്തിക്കുന്ന സ്കൗട്ട് ആൻറ് ഗൈഡിന്റെയും റെഡ്ക്രോസിന്റെയും നേതൃത്വത്തിൽ അധ്യാപകർക്ക് പൂച്ചെണ്ടും സമ്മാനവും നലകി ആദരിക്കുകയും 10-ാം ക്ലാസ്സിലെ കുട്ടികൾ 5,6,7,8 ക്ലാസ്സുകളിൽ ക്ലാസ്സെടുക്കുകയും ചെയ്തു.



## സ്കൂൾ യുവജനോത്സം 2023

2023-24 അധ്യയന വർഷത്തിലെ കോലഞ്ചേരി ഉപജില്ല സ്കൂൾ യുവജനോത്സവത്തിന് കിഴക്കമ്പലം സെ.ജോസഫ്സ്  ' HSS ആതിഥ്യമരുളി



## പൂർവ്വ വിദ്യാർത്ഥി ദിനം

ദേശീയ ഹോക്കിയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ ഹോക്കി ഗോൾകീപ്പറായ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ.ശ്രീജേഷിന് സ്കൂളിൽ സമുചിതമായ സ്വീകരണം നല്കി.

# സെൻറ് ജോസഫ്സിന്റെ സ്വന്തം വാനമ്പാടി

ആഗ്നസ് ജോജി.... ശബ്ദമാധുര്യംകൊണ്ട് ഏവരുടെയും ഹൃദയം കവരുന്ന പാട്ടുകാരി....

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് സെൻറ് ജോസഫ്സ് നൽകുന്ന പ്രാധാന്യത്തിൻ്റെ മികച്ച ഉദാഹരണമാണ് അഗ്നസ് എന്ന കൊച്ചു കലാകാരിയുടെ വളർച്ച.

പദ്യപാരായണം, ലളിതഗാനം, ശാസ്ത്രീയ സംഗീതം ,നാടൻപാട്ട്, ചലച്ചിത്ര ഗാനങ്ങൾ എന്നിങ്ങനെ ആഗ്നസിന് വഴങ്ങാത്ത ഗാനമേഖലകളില്ല. ഇപ്പോഴിതാ പ്രമുഖ റിയാലിറ്റി ടി.വി ഷോയായ ഫ്ലവേഴ്സ് ടോപ് സിംഗറിൽ തന്റെ മിന്നുന്ന പ്രകടനങ്ങളുമായി തിളങ്ങി നിൽക്കുകയാണ് ഈ കൊച്ചു മിടുക്കി.
ഭാവിയിൽ മികച്ച പിന്നണി ഗായികയായി ആഗ്നസ് ജോജി മാറട്ടെ എന്ന ആശംസകളോടെ .........

സെൻറ് ജോസഫ്സ് ഫാമിലി.





# ആ സൂര്യതേജസ് മടങ്ങുമ്പോൾ



ആദ്യമായി സ്കൂളിലേക്ക് വന്ന ദിവസം എന്നെ ഏറെ ആകർഷിച്ച ഒരു മുഖമുണ്ട്, ഞാൻ ഏറ്റവും ഭയപ്പെട്ടിരുന്ന വിഷയമായ കണക്ക് പഠിപ്പിക്കുന്ന സോണി ടീച്ചറുടെതായിരുന്നു അത്.

ഭൂലോകത്തിന്റെ സ്പന്ദനം കണക്കിലാണെന്ന് പറഞ്ഞ, ചാക്കോ മാഷിനെ പോലെ, എന്റെ ഹൃദയത്തിന്റെ സ്പന്ദനം കൂടിക്കൂടി വരുന്നതായി തോന്നി... പക്ഷേ, ടീച്ചർ അടുത്തു വന്നപ്പോൾ ആ ചുണ്ടുകളിൽ വിരിഞ്ഞ പുഞ്ചിരി, സ്നേഹാർദ്രമായ സംസാരം ,എല്ലാം എന്നെ എന്റെ സ്വപ്നസമാനമായ നിമിഷത്തിൽ നിന്നും തൊട്ടുണർത്തി... അപ്പോഴാണ് ഞാൻ തിരിച്ചറിഞ്ഞത് ഇന്ന് ഞാൻ ഒരു വിദ്യാർത്ഥി അല്ലല്ലോ, ഒരു അധ്യാപികയാണല്ലോ പിന്നെ ഇ എന്തിനാണ് ഞാൻ കണക്ക് ടീച്ചറിനെ ഇത്ര പേടിക്കുന്നത് എന്ന് ഓർത്തപ്പോൾ മുഖത്ത് വന്ന ജാള്യത മറയ്ക്കാൻ ഞാൻ നന്നേ പണിപ്പെട്ടു.

മികച്ച ഒരു അധ്യാപികയായിരുന്നു സോണി ടീച്ചർ എന്ന് നിസംശയം പറയാം കുട്ടികളോടും സഹപ്രവർത്തകരോടും ഇടപഴകുന്ന രീതി, ആത്മാർപ്പണം എല്ലാം ഞങ്ങൾ പുതുതലമുറയ്ക്ക് മാതൃകയും പ്രചോചോദനം നൽകുന്നവയുമായിരുന്നു. ക്ലാസ് റൂമിൽ കുട്ടികളെ സ്നേഹിക്കുകയും അവരുടെ പ്രിയപ്പെട്ട വിഷയമാക്കി കണക്കിനെ മാറ്റാനുമുള്ള ടീച്ചറുടെ കഴിവ് മറ്റുള്ളവർക്ക് മാതൃകാപരമാണ് .

25 വർഷത്തെ തന്റെ കർമ്മമണ്ഡലത്തിൽ നിന്നും ടീച്ചർ പടിയിറങ്ങുമ്പോൾ സെൻറ് ജോസഫ്സ് ഫാമിലിക്ക് അതൊരു തീരാനഷ്ടമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ മുന്നോട്ടു നീങ്ങാതെ വയ്യല്ലോ... ടീച്ചർക്ക് റിട്ടയർമെൻറ് ജീവിതം സന്തോഷകരമായി തീരുന്നതിന് എല്ലാവിധ ആശംസകളും നേരുന്നു...




**സ്നേഹപൂർവ്വം..**
**സഹപ്രവർത്തക**

**ഡോ. ഷാൻ്റി സി.വൈ**



# കാവ്യാഗതം

എഴുതിയതൊക്കെയും നിന്നെക്കുറിച്ചായിരുന്നു.

നിനക്ക് വേണ്ടിയായിരുന്നു.

അക്ഷരങ്ങളിൽ തെളിഞ്ഞത് നീയായിരുന്നു.

അക്ഷരമായ നമ്മുടെ പ്രണയം
കവിതയായ് പിറവിയെടുത്തു ; നമ്മിലൂടെ ....

മൗന വല്മീകത്തിൽ തളയ്ക്കപ്പെട്ടവളെ
പ്രണയത്താൽ തിരിച്ച് നടത്തിയവന്
ഉപഹാരം കവിതയല്ലാതെ മറ്റെന്താണ് ??

നിന്നോട് പറയാനുള്ളതും,
നിന്നിൽ നിന്ന് കേൾക്കാൻ കൊതിക്കുന്നതും ,
മോഹങ്ങളുടെ തേരിൽ എന്നെ
മായാലോകത്ത് എത്തിക്കുന്നതും ,
പ്രതീക്ഷയുടെ നക്ഷത്രമായി
എന്നെ വഴി നടത്തുന്നതും
അക്ഷരങ്ങളല്ലേ, കൂട്ടുകാരാ ???

വരികളിലെ പൊരുളും ,ഉയിരും
നീയല്ലേ കൂട്ടുകാരാ ??

പൊരുളറിഞ്ഞ്, ഉയിരേകി
നീ വിളിച്ച പേരുകൾ ....
കവിതയേക്കാൾ മനോഹരം !!

ഡോ. ഷാൻ്റി.സി വൈ
HST മലയാളം
sJHSs കിഴക്കമ്പലം



## ***Everybody has a name***

-----------------------------------

Everybody has a name

Some  are different

Some are  same

Same are short

Some are long

All  are  right

None are wrong

I like my name

It special to me

Its exactly who

I want to be!



**John Bibin**
**6A**
**St. Joseph hss kizhakkambalam**

# ഊഷരഭൂമി

തെല്ലും നനവിന്റെ കണികയില്ല
മുല്ലപ്പൂവിന്റെ ഗന്ധമില്ല
സ്പർശനം പാറയിൽ
തൊട്ടപോലെ
ദർശനം ആകെ
മങ്ങലുപോൽ
പൊടിക്കാറ്റു ചുറ്റും വട്ടമിട്ടു
പറക്കുന്നു ചെമ്പൻ
പരുന്തുപോലെ
പൊട്ടികിളുർക്കാത്ത
ചെറുമരങ്ങൾ
നിൽക്കുന്നു പച്ചപ്പു
മറന്നതുപോൽ
ഞാനും മറന്നെന്റെ നാടിന്റെ
ഈണവും താളവും രാഗവും
തെല്ലും മനസിലില്ലെനിക്കെന്റെ
നാടിനെ
കാണുവാനാകാതെ
ഊഷരഭൂമിലയിൽ
ജീവിതം തള്ളിനീക്കപ്പെടുംബഴും
കാണുന്നു ഞാനെന്റെ
അകകണ്ണിൽ
വീട്ടിലിപ്പട്ടിണിക്കോലങ്ങളെ
ആ ഓർമ്മകൾ
ചിത്തത്തിലെത്തുമ്പോൾ
ഞാൻ നിൽക്കുന്നിടവും
സ്വർകമാവും
ഈ ഊഷരഭൂമിയിലെ
മണൽതരികൾ
കയ്യിൽതൊടുന്നൊരു നേരത്തു
ചുക്കിച്ചുളിഞ്ഞ കൈകൊണ്ടു
മുത്തശ്ശി
എന്നെ തഴുകുന്ന തരുതരുപ്പ്
കണ്ണടച്ചുഞാൻ
അനുഭവിച്ചുഞാൻ
അമ്മതൻ
വാത്സല്യകനിവുകളും
ഏട്ടൻവിളിയുമായ്
പുഞ്ചിരിച്ചെത്തുന്ന
കുട്ടിക്കുറുമ്പികൾ
പൊന്നനുജത്തിമാർ
എന്നെപ്പിരിയുന്ന ദുഃഖമുള്ളിൽ
വിങ്ങിപ്പൊട്ടുന്ന നേരത്തും
ഗൃഹനാഥന്റെ പ്രൗഢി തെല്ലും
കളയാതെ
നിൽക്കുന്ന അച്ഛന്റെ നന്മമുഖം
എല്ലാം മനസ്സിൽ തെളിയുന്ന
നേരത്ത്
സ്വർഗ്ഗമാണെന്റെയി ഊഷര
ഭൂമിയും

ശിവസൂര്യരതീഷ്
STD:10
ST 'Joseph HSS
Kizhakkambalam



# എൻ അമ്മതൻ സ്നേഹം

---

നൊന്തു പെറ്റരേൻ അമ്മയ്ക്ക് തൻകുഞ്ഞ്
പൊൻകുഞ്ഞായ് മാറുമ്പോൾ
ഉണ്ണിയെ കണ്ടുടൻ അമ്മതൻ കൺകളിൽ
ആയിരം താരകം പൂത്തുവിടർന്നു
ആ നിമിഷം അമ്മതൻ ഉണ്ണിയെ
വാത്സല്യമോടെ മാറത്തു ചേർത്തു
അമ്മിഞ്ഞപാൽ നുകർന്നുണ്ണുന്ന
ഉണ്ണിയെ നോക്കി
അമ്മയാണേറ്റവും പുണ്യമെന്നുരുവിട്ടു

ആദിത്യ കെ മധു
Std IX E



# എന്റെ അനുജത്തി

ജീവനായിയെനിക്കുണ്ടൊരനുജത്തി
ജീവൻ തുല്യമാമെൻ അനുജത്തി
ജീവനും ശ്വാസവുമായി എന്നെ
തഴുകും ഓമലാം എന്നനുജത്തി.

നെഞ്ചോടു ചേർന്നുറങ്ങി
കുഞ്ഞുരുള വിഴുങ്ങി
കുഞ്ഞിളം കൈകൾ പൊക്കി
കെട്ടിപ്പിടിക്കുമെന്നനു ജത്തി .

വിദ്യാലയം വിട്ട് വീട്ടിലെത്തുമ്പോൾ
പഠിപ്പുര വാതിക്കൽ ചാരിനിന്ന്
കുഞ്ഞമ്മ നല്കുഠ
എൻ ഓമലായവൾ .

ഇടശ്ശേരി കവിതകൾ
ചൊല്ലിക്കൊടുക്കുമ്പോൾ
തളിരിളം ചുണ്ടുകൊണ്ടുമ്മ
നൽകും എന്നനുജത്തി .

എൻ ജീവനാം എൻ
ശ്വാസമാഠ എൻ
പ്രാണനാം എൻ
കുഞ്ഞനുജത്തി .

**മെർലിൻ പി ജിജിൻ**
7 A



# പൂമരം

---------------

ഓർക്കുന്നു ഞാൻ ആ പൂമരം,
വർണ്ണക്കുട നിവർത്തി നിൽക്കുന്ന പൂമരം.
മാരിവിൽ പോലും നാണിച്ചു പോകും,
ചന്തമെഴുന്നോരാ പൂമരം.
തെന്നി തലോടുന്ന കാറ്റിനെ,
സുഗന്ധ പൂരിതമാക്കുന്ന പൂമരം.
നാട്ടുവഴിയിൽ തലയെടുപ്പോടങ്ങ്,
തണലായി നിൽക്കുന്ന പൂമരം.
പിച്ച വച്ച കാലം മുതൽ ഞാൻ
കണ്ടും രസിക്കുന്ന പൂമരം.
വസന്തത്തിൻ കാഹളം വിളിച്ചോതി,
മനസ്സിനു കുളിർമ്മയേകുന്നൊരാ പൂമരം.
പൂത്തുലഞ്ഞ പൂമരക്കൊന്പിൽ ഞാനൊരു പൂവായ് മാറാൻ
കൊതിച്ച കാലം.
പൂക്കളാൽ നാണം മറയ്ക്കുന്ന പൂമരം,
ഇന്നുമെൻ മനസ്സിലൊരു കൗതുകം.
വീണ്ടും, ഓർക്കുന്നു ഞാൻ ആ പൂമരം
ഓർമ്മയിലുള്ളൊരാ പൂമരം.
കാലത്തിൻ കയ്യൊപ്പിൽ,
മാഞ്ഞുപോയൊരാ പൂമരം.



ജുവാനിറ്റ. കെ. വിനു
6

## തേൻവരിക്കയുടെ പുനർവായന

നാരായൺ എന്ന പ്രശസ്തമായ എഴുത്തുകാരന്റെ ഗോത്ര കഥകൾ എന്ന പുസ്തകത്തിലെ ഒരു ഭാഗമാണിത്. അദ്ദേഹത്തിൻറെ കൂടുതൽ നോവലുകൾ ഗോത്ര വിഭാഗങ്ങളെ പറ്റിയുള്ളതാണ്. പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമായ ആദിവാസി സമൂഹമായ മലയരന്മാരെ കുറിച്ച് അഭിവാദത്തിൽ നിന്ന് വരുന്ന നാരായണൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതിയതാണ്. കൊച്ചേരത്തി തേൻവലിക്കുന്ന ഈ ഭാഗത്തിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് പറയുന്നത്. ഇതിലെ പ്രധാന കഥാപാത്രങ്ങൾ അയ്യപ്പൻ ലീല സുരേന്ദ്രൻ തേൻവരിക്ക എന്നിവരാണ് ഈ കഥയിൽ ലളിതമായ ഭാഷയെയും വളച്ചുകെട്ടില്ലാത്ത അവതരണം രീതിയുമാണ് ഈ കഥയിലെ സവിശേഷത ആധുനിക മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ദുരന്തങ്ങൾ ഈ കഥയിൽ മുന്നറിയിപ്പ് നൽകുന്നു.

വീടിനും പരിസരത്തും രക്ഷകനായി വളർന്നുനിൽക്കുന്ന തേൻവലിക്കുന്ന നീളവും വണ്ണവും ഉള്ള തേൻ വരിക്ക ഈ തേൻ വരിക്കയും അയ്യപ്പനും തമ്മിൽ വളരെ ഒരു ആത്മബന്ധം ഉണ്ടായിരുന്നു അയ്യപ്പൻ എന്ന വൃദ്ധൻ പ്രകൃതിയെ സ്നേഹിക്കുന്ന ഒരാളാണ് അതുപോലെ തന്നെ അയ്യപ്പൻറെ മകൻറെ ഭാര്യായായും ലീലയുടെ മക്കളും എന്നാൽ ആസ്ഥാനത്ത് അയ്യപ്പൻറെ മകൻ സുരേന്ദ്രൻ കാശിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ആളാണ് അദ്ദേഹം ഒരു പ്രകൃതി സ്നേഹിയല്ല അയ്യപ്പൻ പറഞ്ഞത് പ്രകൃതിയെ ദ്രോഹിക്കുന്നവരെ കൊമ്പ് പിടിച്ചിട്ട് എങ്കിലും കൊല്ലാൻ പാടില്ല എന്നാണ് അയാൾ പ്ലാവിനോട് പറയുന്നത് അദ്ദേഹം തന്നെ മകനെക്കാൾ പ്രകൃതിയെ സ്നേഹിക്കുന്നു അവരുടെ വീട്ടിലെ കുട്ടികൾ ദാരിദ്ര്യം എന്തെന്നറിയാതെയാണ് വളരുന്നത് ആ വളർന്നതും അതിന് ഈ പ്ലാവിൻ വളരെയധികം പങ്കുവയ്ക്കാൻ ആകും ഈ പ്ലാവിൽ വളരെയധികം പഴക്കമുണ്ട് അയ്യപ്പൻറെ മകനായ സുരേന്ദ്രൻ ഒരു ദിവസം പ്ലാവു മുറിക്കാനായി ആളുകളെയെല്ലാം വിളിച്ചിട്ട് വന്നു. ഇതുകൊണ്ട് അയ്യപ്പൻറെ മനസ്സ് അടിപതറി അയ്യപ്പനും സുരേന്ദ്രന്റെ മക്കളും സുരേന്ദ്രനോട് മാറി മാറി പറഞ്ഞു കേട്ടില്ല അയാൾ അങ്ങനെ മരം മുറിച്ചു. പ്ലാവ് മുറിച്ച് അയാൾ അവിടെ റബ്ബർ മുറിച്ചു കഴിഞ്ഞപ്പോൾ പ്രകൃതിയുടെ അവസ്ഥ ആകെ മാറി അവിടെ രൂക്ഷമായ വേലിയും ജനങ്ങൾ വറ്റി കുടിക്കാൻ പോലും വെള്ളം ഇല്ലാത്ത അങ്ങനെ ഒരു വലിയ മഴയിൽ റബർ വീണു കടമുഴക്കി മണ്ണും മരവും തമ്മിലുള്ള ബന്ധം മനസ്സിലാകാത്തവർക്ക് ഇവിടെ ജീവിക്കാൻ അർഹതയില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഈ കഥ ഏറ്റവും കാലികമായ വിഷയമാണ് മുന്നോട്ടുവരുന്നത് എന്തായാലും നമ്മളെല്ലാവരും വായിച്ചിരിക്കേണ്ടതാണ്

ശ്രീലക്ഷ്മി കെ .എസ്



# _*ഓമൽ മുത്ത്*_

തിങ്കളേ നിൻ ചാരെ സൂചിപോൽ കോർത്തു
പുണർന്നങ്ങു നിൽക്കുന്ന താരകത്തിൽ
അകാലമായി ചോർന്നുപോയ എൻ മണി-
മുത്തിന്റെ മിന്നുമാ പുഞ്ചിരി കണ്ടു ഞാനേ
നിൻ കാലിൽ കീലങ്ങുമാ പാദസര
തിമിർപ്പിൽ ആടി രസിക്കാനിനിയാവില്ലല്ലോ
നിൻ വരച്ചായങ്ങളിന്നീ ചുമരിന്
എന്തെന്നതില്ലാത്ത ചന്തമായി
ഇന്നുമെന്നോമലെ നിൻറെ ആ പുഞ്ചിരി
എൻറെ കൺമുന്നിൽ ഞാൻ കണ്ടിടുന്നു
നിന്നെ വാരി പുണർന്നൊന്നു തെന്നലു-
മ്മകളേകി മാറോട് ചേർത്തീടാൻ കൊതിപ്പു ഞാനും
അമ്പിളി നിൻ ചേതോഹരമാം അഭ്രത്തിലോടി-
നടക്കുമെന്നോമൽ കുഞ്ഞിനെ ലാളിച്ച് സ്നേഹിച്ചു നോക്കീടണേ
ആരൊക്കെ എന്തു പറഞ്ഞാലുമോമലേ
തിങ്കളിൻ ചാരേ നീ ചേർന്നു കിടപ്പതു
കനവിൽ നിനച്ചു ഞാനിന്നുമെന്നും...

**അന്ന റോസ്**




## ടീച്ചർക്ക്

മാണിക്യ വില്ലുകളാകുന്ന
മഴവില്ലുപോലെ
പൂമുഖം കാണുമെന്നമ്മയെ പോലെ
എന്നമ്മ തൻ സ്നേഹം
ടീച്ചറിൽ കണ്ടു ഞാൻ
നിൻ സ്നേഹമെൻ ശിരസിൽ പതിഞ്ഞുടനെ

ആദിത്യ കെ മധു
IX E







# മാതൃ ഹൃദയം


എൻ മനതാരിൽ
നിറഞ്ഞു തുളുമ്പിയ
മാതൃ സ്നേഹമേ
നിനക്ക് വന്ദനം
നന്മയിൽ വളരാൻ
തിന്മയെ ത്യജിക്കാൻ
നീ പകർന്ന സദുപദേശ മേ
നിനക്ക് വന്ദനം
അമ്മിഞ്ഞ പാലിനൊപ്പം
നീ നല്കിയ ജീവനേ
നിനക്ക് വന്ദനം

By Anitta Stephen









## 100 ആടുകൾ

ഒരിടത്ത് രാമു എന്ന ഒരു പഴക്കച്ചവടക്കാരൻ ഉണ്ടായിരുന്നു അവന് കാട്ടിനുള്ളിൽ ഒരു പഴത്തോട്ടം ഉണ്ടായിരുന്നു ആ തോട്ടത്തിനടുത്ത് ഒരു പുഴ ഒഴുകുന്നുണ്ടായിരുന്നു പഴങ്ങൾ എല്ലാ ഒരു കമ്പിൽ കെട്ടി ചന്തയിൽ കൊണ്ട് വിളിക്കുന്നത് ആയിരുന്നു അവൻ്റെ ജോലി.അവനങ്ങനെ പഴങ്ങൾ വിറ്റ് ഒരു വലിയ വീട് വാങ്ങി . ആ പുതിയ വീടിന് മുൻപിലൂടെ എല്ലാദിവസും ഒരു ആട്ടിൻപറ്റം പോയിരുന്നു

എല്ലാദിവസവുംപോകുന്നതുകൊണ്ടതന്നെ എത്ര ആടുകളുണ്ടെന്ന് അറിയാൻ രാമുവിന് ആകാംക്ഷയുണ്ടആയി ഒരു ദിവസം രാമു ആ ആട്ടിൻപട്ടത്തെ മുഴുവൻ എണ്ണാൻ തുടങ്ങി

മൊത്തം 99 ആട്ടുകൾ ഉണ്ട് . അങ്ങനെ അവൻ ദിവസവും ആടുകളുടെ എണ്ണം എടുക്കാൻ തുടങ്ങി

എല്ലാദിവസവും 99 അടുകളുണ്ട് എന്നാൽ ഒരു ദിവസം പഴങ്ങൾ എടുക്കാൻ പോയപ്പോൾ അടുക്കൽ മെയുന്നത് കണ്ട് അവൻ ആ കൂട്ടത്തിൻ്റെ എണ്ണം എടുത്തു എന്നാൽ അപ്പോൾ അവിടെ 100അടുകൾ ഉണ്ടായിരുന്നു അവന് സംശയമായി അവൻ്റെ വീടിനു മുന്നിലൂടെ പോകുമ്പോൾ 99ഉം പുൽമേടയിൽ എത്തുമ്പോൾ 100 ആട്ടുകളും രാമുവിന് സംശയമായി

അവന് ഈ ആട്ടുകളുടെ പുറകേയായി അവൻ ജോലിയിൽ ശ്രദ്ധി ക്കതെയായി അവന് കുറേനാൾ ആടിന്റെ പുറകെ നടന്നിട്ടും ഇതിന്റെ രഹസ്യം മനസിലായില്ല . കുറച്ചു നാൾ കഴിഞ്ഞപ്പോൾ


ഒരു ദിവസം അവൻ ആട്ടുകളുടെ നോക്കിയിരുന്നപ്പോൾ ഒരു സ്ത്രീ വന്നു

പറഞ്ഞു അവർ ഒരു ദേവതയാണ് ആ 100അമത്തെ ആട് ദേവലോകത്തെ ആട് ആണെന്നും അതിന് അസാമാന്യമായ ഭാരം ചുമക്കാൻ സാധിക്കുമെന്നും ദേവത പറഞ്ഞു ഇനിയും ഈ ആടിന്റെ പുറകെ നടന്നാൽ അത് രാമുവിന് ദോഷം ചെയ്യുമെന്നും പറഞ്ഞു രാമു ആട്ടുകളുടെ പുറകെയുള്ള നടത്തം നിറുത്തി

അവന്റെ ജോലിയിൽ ശ്രദ്ധിക്കാൻ തുടങ്ങി ഒരു ദിവസം അവന്റെ പഴത്തോട്ടത്തിൽ കുറെ ആട്ടിൻ പറ്റങ്ങൾ കയറി പഴങ്ങൾ എല്ലാം തിന്നു കൊണ്ടിരിക്കുകയായിരുന്നു അവൻ ഓടി വന്നു അവന്റെ കയ്യിലുണ്ടായിരുന്ന ഉലക്കകൊണ്ട് ആട്ടുകളെയെല്ലാം അടിച്ചോടിച്ചു രാമു ബാക്കിയുണ്ടായിരുന്ന പഴങ്ങൾ ഉലക്കയിൽ വച്ച് കെട്ടി അവൻ അത് എടുത്തു പക്ഷേ അവന് ഭാരം തോന്നിയില്ല രാമു വീണ്ടും പഴങ്ങൾ വച്ച് കെട്ടി അപ്പോഴും ഭാരം തോന്നിയില്ല രാമു കുന്നോളം പഴങ്ങൾ വെച്ചുകെട്ടി ആ ഉലക്കകൊണ്ട് തോണിയിൽ കയറി യാത്ര ആരംഭിച്ചു ചന്തയിൽ കൊണ്ടുപോയി ആ പഴങ്ങൾ വിറ്റു നല്ല ലാഭവും കിട്ടി

അന്ന് രാത്രി അവന്റെ സ്വപ്നത്തിൽ  ആ പഴയ ദേവത വന്നു
എന്നിട്ട് അവനോട് അന്ന് രാമു അടിച്ചോടിച്ച ആട്ടുകളിൽ
ദേവലോകത്ത ആട്ടും ഉണ്ടായിരുന്നു രാമു ആ അടിനെ
അടിച്ചപ്പോൾ അതിനെ ഒരു രോമം
ആ ഉലക്കയിൽ പെട്ടു എന്നും പറഞ്ഞു രാമു പെട്ടെന്ന് ഞെട്ടി
ഉണർന്നു അവൻ ആ ഉലക്ക എടുത്ത് കെട്ടി കെട്ടിപ്പിടിച്ചു എന്നിട്ട്
പ്രതീക്ഷകളോടെ അവൻ കിടന്ന് ഉറങ്ങി രാവിലെ തന്നെ
എഴുന്നേറ്റ് അവൻ തോട്ടത്തിൽ പോയി ഒരുപാട് പഴങ്ങൾ
ചന്തയിൽ കൊണ്ടു വിറ്റു
മറ്റു പഴക്കച്ചവടക്കാർക്ക് അവനോട് അസൂയയായി അങ്ങനെ
പഴങ്ങൾ വിറ്റ് അവൻ ഒരുപാട് കാശുണ്ടാ ക്കി അവൻ ഒരു
പ്രമാണി ആയി മാറി ഒരുപാട് കാശുള്ളതുകൊണ്ടുതന്നെ അവൻ
പഴക്കച്ചവടം നിർത്തി അപ്പോഴാണ് വേറെ ഒരു
പഴക്കച്ചവടക്കാരൻ രാമുവിന്റെ അടുത്ത് എത്തുന്നത്
എങ്ങനെയാണ് ഇത്രയും പഴങ്ങൾ ചുമക്കുന്നത്  എന്ന് ചോദിച്ച
പ്പോൾ രാമു ആടിന്റെയും ദേവതയുടേയും എല്ലാ കാര്യവും പറഞ്ഞു
രാമു പറഞ്ഞു അവൻ പഴക്കച്ചവടം നിർത്തിയെന്നും ആ ഉലക്ക
വേണമെങ്കിൽ കുറച്ചു പണം തന്നാൽ അയാൾ നൽകാമെന്നും
അയാൾ അപ്പോൾ തന്നെ പണം നൽകി അതു വാങ്ങി അയാളും
പടി പടിയായ് ഉയരാൻ തുടങ്ങി  കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ
ഉലക്കയുടെ ഭംഗി പോരാ എന്നു തോന്നി അയാൾ ആശാരി യുടെ
അടുത്ത് കൊടുത്ത് നന്നായി രാകി ചീകി വൃത്തിയാക്കി എന്നാൽ
അതു കഴിഞ്ഞ പ്പോൾ ആ  രോമം അതിൽ നിന്നും പോയി ആ
ഉലക്കയുടെ ശക്തി പോയി അയാൾ ഉലക്ക് രാമുവി ന് തിരിച്ചു
നൽക്കി പണം തിരികെ ആവശ്യ പെട്ടു എന്തു കാര്യം രാമു പണം
നൽകുകയുമില്ല അതിന്റെ ശക്തി തിരിച്ചു കിട്ടുകയുമില്ല.

Aswin ps
XD



***Money, Money***
***Where are you?***
***Are you hiding in***
***People's heart.***
***Or in their pocket,***
***or their Purse.A piece of paper***
***are humans life. There is***
***nothing  without money.***
***But one thing***
***'happiness'***
***Hey***
***Come to the world, come to the***
***family. They are waiting for you.***
***There are so many things in the***
***world that can't buy. I only want***
***to say***

***'Money can't buy happiness '.***

**Fiza Nezrin v.s**
**6A**
**St. Joseph h.s.s**
**kizhakkambalam**



# ***Social Media***

Once upon a time, there lived in a village named samodpuram. Sooraj and ramu were best friends and also they are popular in their village. They were sleep together,eat together, play together. In the holidays they will go to their river and swim so much time. In their school the teachers loved them. They will participate all the activities in their school.If ramu were absent, sooraj also absent.Years later. Sooraj and Ramu were adult. But Now. There are not best friends anymore.How? Nobody don't know whats the reason?

One day ramu were going to the market to buy some groceries, A man in their village sees him. Suddenly he called ramu and asked. "Hey ramu,where is sooraj?long time no see. He replied. 'hmm.. I don't know who is sooraj? You are looking for other person, not me. Can you please move. Im busy.'Ok, I am sorry to disturb you. At the same day in the night, ramu were going to sleep at 3am, ramu didn't sleep. Ramu asked in his mind. Where is sooraj? Is sooraj ok?Is Sooraj is thinking about me? Which way I can talk to sooraj I don't have his number. Next day, ramu were going for a walk watching his favourite show in his phone, he saw that man who talked yesterday at ramu. Ramu called him. Then ramu said. 'hey uncle, did you know me, iam the guy who talked to you yesterday. Yes,yes i know you. Did you know me?.yes uncle. I was lied. Do you remember, you asked me that where is sooraj. I know him but i don't know where he is living. I will tell the whole story. "In the time we were in teenager,his father gave us a new product named 'phone'. He said,

hey ramu this thing brought my papa from america. We can watch shows,play games.. Suddenly i replied play games means hide and seek, goli, swimming, kid and stick. No ramu, play games means football, pubj etc. We can play together also. Some days later,i did not see sooraj. I tensed. Where would he gone?. I go to sooraj house he came infront of me and said,oh ramu why you come to my house? I have to watch shows. you please go, i will not come to play anymore. Bye bye ramu. I was very sad and i go to my house. After that incident i did not see sooraj yet. Now I get some clues that he is living in LA. Suddenly the man replied. No you have to make that friendship. Your bond were destroyed because ofthe social media. Social media destroy every single humans life. You have to proove that we have to destroy social media by making your friendship. Now go. Ramu were understood and he were go LA and see sooraj and say sorry together. Now they were married and they have daughters and also they are living very happily.

***Fiza Nazrin v.s***
***6A***
***St.joseph***
***hss kizhakkambalam***





Emmanual Edvin Ajith



# ***Little kites students photo***



# ആശംസ

പ്രിയമുള്ള കൂട്ടുകാരെ

ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്വത്തിൽ നാം

നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിന്

ലേഖനങ്ങളു ചിത്രങ്ങളും നല്കിയ എല്ലാ

കൂട്ടുകാരോടും പ്രോത്സാഹിപ്പിച്ച എല്ലാ

അധ്യാപകരോടും ഞങ്ങളുടെ

ആത്മാർത്ഥമായ നന്ദി....




സെന്റ് ജോസഫ്സ്
ഹയർ സെക്കണ്ടറി സ്കൂൾ
കിഴക്കമ്പലം
പിൻകോഡ് - 683562
സെക്കണ്ടറി കോഡ് - 25042
ഹയർ സെക്കണ്ടറി കോഡ് - 7191
ആലുവ വിദ്യാഭ്യാസ ജില്ല
മൊബൈൽ നമ്പർ - 9605025042
കോലഞ്ചേരി ഉപജില്ല
മണിമുത്തുകൾ
Champions


Congratulations


ST. JOSEPH'S HSS KIZHAKKAMBALAM
Procession - First






Congratulations




Congratulations
NuMATS Winner